ക്രിയേറ്റീവ് ടീച്ചേഴ്സ് ഗ്രൂപ്പ്. (രാമപുരം പാലാ)

# ക്ലാസ്സ് 3

വിഷയം:- മലയാളം

യൂണിറ്റ് - 1

അമ്മയോടൊപ്പം

തീയതി

പ്രതീക്ഷിക്കുന്ന സമയം

തീം:- മാതൃസ്നേഹം

പഠനനേട്ടങ്ങൾ

- കത്ത് കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- കവിതകൾ വായിച്ചും കേട്ടും ആസ്വദിച്ച് ഈണം താളം ഭാവം എന്നിവയോടെ ചൊല്ലുന്നു.
- സ്വന്തം ആശയങ്ങൾ തെറ്റുകൂടാതെ ഉചിതമായ വ്യവഹാര രൂപത്തിൽ എഴുതി അവതരിപ്പിക്കുന്നു.
- ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് സ്വന്തം ലേഖന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു.
- സഹപാഠികളുടെ രചനകൾ വിലയിരുത്തുകയും മറ്റുള്ളവർ ആവിഷ്കരിച്ച ആശയങ്ങൾ പ്രയോഗങ്ങൾ എന്നിവ വിശകലനം ചെയ്ത് സ്വന്തം രചനകൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

ആശയങ്ങൾ/ ധാരണകൾ

- ഈണത്തിൽ താളത്തിലും ചൊല്ലി ചൊല്ലുമ്പോൾ കവിത ആകർഷകമാകും.
- കവിതയിലെ ആശയത്തെ കഥാരൂപത്തിൽ മാറ്റിയെഴുതാം.
- കണ്ണൻറെ കുസൃതികളുമായി ബന്ധപ്പെട്ട ധാരാളം കഥകളുണ്ട്.
- കുട്ടികളുടെ മനസ്സിൽ നന്മ വളർത്താൻ രക്ഷിതാക്കൾക്ക് പങ്കുണ്ട്.

ശേഷികൾ

സർഗാത്മകത, ശ്രവണം, ഭാഷണം, വായന, ലേഖനം.

ഭാഷാ വസ്തുതകൾ

പകരംപദം, വിശേഷണം.

വ്യവഹാരരൂപങ്ങൾ

സംഭാഷണം, കഥ, കുറിപ്പ്, വിവരണം, കവിത.


മൂല്യങ്ങൾ മനോഭാവങ്ങൾ

- ഉദാത്തമായ മാതൃസ്നേഹവും വാത്സല്യവും.
- കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ അമ്മ അമ്മയുടെ സ്വാധീനം.

പഠനസാമഗ്രികൾ

ICT, ചാർട്ട്, ചിത്രങ്ങൾ, സ്ലൈഡുകൾ, വീഡിയോകൾ, സമാന കവിതകൾ, വിവിധ ഈണത്തിലുള്ള കവിതകൾ.

| Date | പ്രക്രിയ | വിലയിരുത്തൽ |
|---|---|---|
| | <u>പ്രവർത്തനം - **1**-**ചിത്രവായന**</u><br><br>തള്ള പക്ഷിയും കുഞ്ഞുങ്ങളും തള്ളമാനും മാൻ കുട്ടിയും ഉൾപ്പെടുന്ന ചിത്രങ്ങൾ ഐസിടിയുടെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു. (സ്ലൈഡ്-**1.png)** കുട്ടികൾ ചിത്രം നിരീക്ഷിക്കുന്നു. ചിത്രത്തിനെപ്പറ്റി സ്വതന്ത്ര പ്രതികരണങ്ങൾ നടത്തുന്നു. അദ്ധ്യാപകൻ ബോർഡിൽ കുറിക്കുന്നു.<br><u>പ്രവർത്തനം - **2**- **സംഭാഷണം**</u><br><br>കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. അതിനുശേഷം തള്ളപക്ഷിയും കുഞ്ഞുങ്ങളും, തള്ളമാനും മാൻകുട്ടിയും തമ്മിൽ എന്തെല്ലാമായിരിക്കും സംസാരിച്ചിട്ടുണ്ടാവുക? ഗ്രൂപ്പിൽ സംഭാഷണം തയ്യാറാക്കുന്നു. ഓരോ ഗ്രൂപ്പും നാടക രൂപത്തിൽ അവതരിപ്പിക്കുന്നു. കുട്ടികൾ പരസ്പരം വിലയിരുത്തുന്നു. അതിനുശേഷം സംഭാഷണത്തിന്റെ ശരിയായ രൂപം ഐ.സി.ടി. യുടെ സഹായത്തോടെ സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു. (സ്ലൈഡ്-**2.png)** കുട്ടികൾ നോട്ട് ബുക്കിലേക്ക് എഴുതിയെടുക്കുന്നു. | |


Teachers version
അമ്മക്കിളിയെ കുഞ്ഞിക്കിളിയും തമ്മിലുള്ള സംഭാഷണം
കുഞ്ഞ്:- അമ്മ ഇത്രയും നേരം എവിടെയായിരുന്നു?
അമ്മ:- ഞാൻ നിങ്ങൾക്കുള്ള തീറ്റതേടി പോയതാണ്.
കുഞ്ഞ്:- അമ്മേ... എനിക്ക് വിശക്കുന്നു. എന്തെങ്കിലും കിട്ടിയിരുന്നെങ്കിൽ....
അമ്മ:- കാടായ കാടെല്ലാം ചുറ്റിനടന്ന് നിങ്ങൾക്ക് എന്തെല്ലാമാണ് കൊണ്ടുവന്നിരിക്കുന്നത്.
കുഞ്ഞ്:- ഹായ്....! ഞാവൽപ്പഴം.... ഇതെവിടുന്ന് കിട്ടിയതാ അമ്മേ?
അമ്മ:- ഇവിടെ നിന്ന് കുറച്ചകലെ ഒരു വലിയ കാട്ടുണ്ട്. അവിടെ ധാരാളം പഴങ്ങളും,പൂക്കളും, കാട്ടുരുവികളും, പക്ഷികളും ഒക്കെയുണ്ട്. കാണാൻ നല്ല ഭംഗിയുള്ള സ്ഥലമാണ്.
കുഞ്ഞ്:- ഞങ്ങൾക്ക് കാണുവാൻ കൊതിയായി. ഞങ്ങളെ അവിടെയൊക്കെ കാണാൻ കൊണ്ടുപോകാമോ അമ്മേ?
അമ്മ:- എന്നെപ്പോലെ നിങ്ങൾ നന്നായി പറക്കാൻ പഠിച്ചുകഴിയുമ്പോൾ കൊണ്ടുപോകാം.

## Teachers version

**<u>അമ്മക്കിളിയെ കുഞ്ഞിക്കിളിയും തമ്മിലുള്ള സംഭാഷണം</u>**

കുഞ്ഞ്:- അമ്മ ഇത്രയും നേരം എവിടെയായിരുന്നു?

അമ്മ:- ഞാൻ നിങ്ങൾക്കുള്ള തീറ്റതേടി പോയതാണ്.

കുഞ്ഞ്:-അമ്മേ... എനിക്ക് വിശക്കുന്നു. എന്തെങ്കിലും കിട്ടിയിരുന്നെങ്കിൽ....

അമ്മ:-കാടായ കാടെല്ലാം ചുറ്റിനടന്ന് നിങ്ങൾക്ക് എന്തെല്ലാമാണ്
കൊണ്ടുവന്നിരിക്കുന്നത്.

കുഞ്ഞ്:-ഹായ്....! ഞാവൽപ്പഴം.... ഇതെവിടുന്ന് കിട്ടിയതാ അമ്മേ?

അമ്മ:-ഇവിടെ നിന്ന് കുറച്ചകലെ ഒരു വലിയ കാട്ടുണ്ട്. അവിടെ ധാരാളം പഴങ്ങളും, പൂക്കളും, കാട്ടരുവികളും, പക്ഷികളും ഒക്കെയുണ്ട്. കാണാൻ നല്ല ഭംഗിയുള്ള സ്ഥലമാണ്.

കുഞ്ഞ്:- ഞങ്ങൾക്ക് കാണുവാൻ കൊതിയായി. ഞങ്ങളെ അവിടെയൊക്കെ
കാണാൻ കൊണ്ടുപോകാമോ അമ്മേ?

അമ്മ:-എന്നെപ്പോലെ നിങ്ങൾ നന്നായി പറക്കാൻ പഠിച്ചുകഴിയുമ്പോൾ കൊണ്ടുപോകാം.

**<u>പ്രവർത്തനം – 3</u>**

കുട്ടികൾക്ക് ഇഷ്ടമുള്ള വിവിധ ഇനം കളികളിലൂടെ ലിസ്റ്റ് തയ്യാറാക്കുന്നു പൊതുവായി എഴുതിയിട്ടുള്ള സാറ്റുകളി കുട്ടികളെക്കൊണ്ട് ക്ലാസ്സിൽ

കളിപ്പിക്കുന്നു കുട്ടികൾ കളിക്കുന്ന അതിനുമുൻപായി സാറ്റുകളി യുടെ വിവിധ പേരുകൾ - പ്രാദേശിക പേരുകൾ (ഒളിച്ചുകളി,സാറ്റുകളി) പരിചയപ്പെടുത്തുന്നു. കളിയുടെ വിവിധ നിയമങ്ങളും കളിക്കേണ്ട രീതികളും ക്ലാസ്സിൽ ചർച്ച ചെയ്യാം. കളിയിലൂടെ കുട്ടികളെ കവിതയിലേക്ക് നയിക്കാം.

**<u>പ്രവർത്തനം - 4</u>**

കവിതയുടെ സ്ലൈഡ് **(സ്ലൈഡ്-3.png)** ഐ.സി.ടി.യുടെ സഹായത്തോടെ സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ കവിതാ ഭാഗം വായിച്ചു നോക്കുന്നു. വ്യക്തിഗതമായി ഈണം കണ്ടെത്താൻ ശ്രമിക്കുന്നു. ഒന്ന് രണ്ടു കുട്ടികളെ കൊണ്ട് കണ്ടെത്തിയ ഈണം അവതരിപ്പിക്കുന്നു. തുടർന്ന് കണ്ണന്റെ അമ്മ എന്ന കവിതയുടെ വീഡിയോ ക്ലിപ്പ് **(Folder:-kavitha- kannante amma-Kannante Amma-1mp4)** പ്രദർശിപ്പിക്കുന്നു. വിവിധ ഈണത്തിലുള്ള ഓഡിയോ ടേപ്പുകൾ **(Folder:-kavithal-1mp4,2mp3,3.amr,4.mp4,5.mp4)** കുട്ടികൾ കേൾക്കുന്നു. സമാന കവിതകൾ **(Folder:- Smana kavithakal- 1mp4, Kando Kannane.mp4)** കുട്ടികൾ പരിചയപ്പെടുന്നു.

**<u>പ്രവർത്തനം - 5</u>**

ആശയ ഗ്രഹണത്തിന് ആവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു കുട്ടികൾ ഉത്തരം പറയുന്നു.

അമ്മ കണ്ണനെ അന്വേഷിച്ചത് ആരോടെല്ലാം ആണ്?

- അവരുടെ മറുപടിയായി വരുന്ന വരികൾ ഏതെല്ലാമാണ്?
- അമ്മ കണ്ണുംപൂട്ടി നിൽക്കാൻ കാരണം

എന്തായിരിക്കാം?


ഉത്തരം പറയുന്നതിനായി കുട്ടികൾ വീണ്ടും പാഠഭാഗം വായിക്കുന്നു.

**<u>പ്രവർത്തനം – 6</u>**

അദ്ധ്യാപകൻ കവിതചൊല്ലി അവതരിപ്പിക്കുന്നു. കുട്ടികൾ ശ്രദ്ധാപൂർവം കേട്ടിരിക്കുന്നു. അതിനുശേഷം കുട്ടികൾ അവരുടെ ഇഷ്ടപ്പെട്ട ഈണങ്ങളിൽ കവിത സംഘമായും വ്യക്തിഗതമായും ചൊല്ലുന്നു.


**<u>പ്രവർത്തനം – 7</u>**

പ്രശസ്ത കവയത്രി സുഗതകുമാരിയെ കുറിച്ചുള്ള വിവിധ വിവരങ്ങളടങ്ങിയ സ്ലൈഡ് **(സ്ലൈഡ്-Sugathakumai.png)** ക്ലാസിൽ അവതരിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. ആവശ്യമുള്ള വിവരങ്ങൾ നോട്ടുബുക്കിൽ കുറിച്ചെടുക്കുന്നു.



**പ്രവർത്തനം – 8**

പാഠഭാഗത്ത് നൽകിയിട്ടുള്ള ചോദ്യങ്ങളുടെ (കണ്ടെത്താം പറയാം) സ്ലൈഡ് **(സ്ലൈഡ്-4.jpg)** പ്രദർശിപ്പിക്കുന്നു. ഉത്തരം കണ്ടെത്തുന്നതിനായി കവിത വീണ്ടും വായിക്കുകയും ഉത്തരങ്ങൾ കണ്ടെത്തി എഴുതിയതിനുശേഷം അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. ആവശ്യമായ തിരുത്തലുകൾക്കുശേഷം ഉത്തരങ്ങൾ ബുക്കിലേക്ക് എഴുതുന്നു.




**പ്രവർത്തനം – 10–കണ്ണന്റെ വികൃതികൾ**

സ്ലൈഡ് **(സ്ലൈഡ്-5.jpg)** പ്രദർശിപ്പിക്കുന്നു. കുട്ടികൾ അവർക്കറിയാവുന്ന കണ്ണന്റെ വികൃതികളെപ്പറ്റി പറയുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട ലഘു ചർച്ച നടത്താം. ഐ.സി.ടി.യുടെ സഹായത്തോടെ കണ്ണന്റെ കുസൃതികൾ അടങ്ങുന്ന വീഡിയോടേപ്പ് പ്രദർശിപ്പിക്കുന്നു. (Folder-Kannante Kusruthikal- 1-Krishna And Pot Of Butter .mp4, 2-Krishna & His Cosmic Form .mp4)



**<u>പ്രവർത്തനം 11</u>**

പാഠപുസ്തകം പേജ് 11-ലെ ചിത്രം(സ്ലൈഡ്-6.png) സ്ക്രീനിൽ പ്രദർശിപ്പിക്കുന്നു. കവിതയിലെ ചിലരെല്ലാം ഈ ചിത്രത്തിലുണ്ട്. ചിത്രത്തിൽ ഉള്ളവരെ കണ്ടെത്തുക. അവരുടെ പേരുകൾ എഴുതുക. പ്രകൃതിയും സംഗീതവുമായുള്ള ബന്ധം ചിത്ര വായനയിലൂടെ ബോധ്യപ്പെടുത്താൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഒരുക്കണം.


ഉദാ:-

- വണ്ടിന്റെ മൂളൽ
- മയിലിന്റെ നൃത്തം
- ശലഭങ്ങളുടെ ചിറകടി
- തത്തയുടെ കൊഞ്ചൽ

***കണ്ണന്റെ പ്രിയപ്പെട്ട കൂട്ടുകാർ അത്രയും പ്രകൃതിയിലെ ജീവികളോ സസ്യജാലങ്ങൾ ആണ്. അവരാണെങ്കിൽ കണ്ണനെയും ഇഷ്ടപ്പെടുന്നു എന്നാണ് ഈ കവിത നൽകുന്ന സന്ദേശം. കണ്ണൻ എവിടെ ഒളിച്ചു എന്നറിഞ്ഞിട്ടും അവരാരും അമ്മയ്ക്ക് പറഞ്ഞുകൊടുക്കുന്നില്ല. ഈ ആശയം കുട്ടികളിലേക്ക് എത്തിക്കാൻ അധ്യാപകൻ ശ്രമിക്കണം.***

**<u>പ്രവർത്തനം- 12</u>**

സ്ലൈഡ് (സ്ലൈഡ്-7.png) പ്രദർശിപ്പിക്കുന്നു. അമ്മയെ ഒളിച്ചു നടക്കുന്നതിനുള്ള കാരണം കുട്ടികൾ ഊഹിച്ചെഴുതുന്നു.



**<u>പ്രവർത്തനം– 10</u>**

കണ്ണന്റെ വികൃതികൾ എന്ന പ്രവർത്തനവുമായി ഈ പ്രവർത്തനം ബന്ധപ്പെടുത്താം. ഏതു പ്രവർത്തിയായിരിക്കും അമ്മയെ കൂടുതൽ വിഷമിപ്പിച്ചിട്ടുണ്ടാവുക.


ഉദാ:-

- നെയ്യപ്പം എടുത്തിട്ട് ചാണകവരളി വച്ചത്.
- ഉറിയിലെ വെണ്ണക്കലം പൊട്ടിച്ചത്.
- കെട്ടിയിരുന്ന പശുക്കിടാവിന്റെ കയർ അഴിച്ചുവിട്ടത്.
- പാൽപാത്രം തട്ടിമറിച്ചത്.

കുട്ടികളുടെ രചനകൾ അവതരിപ്പിക്കുന്നു. വേണ്ട തിരുത്തലുകൾ നൽകുന്നു.

**<u>പ്രവർത്തനം– 13</u>**

കവിത ഒരു പ്രാവശ്യംകൂടി കുട്ടികൾ കേൾക്കുന്നു. സ്ലൈഡ് **(സ്ലൈഡ്-9.png)** പ്രദർശിപ്പിക്കുന്നു. ഓരോരുത്തരും അവർക്ക് ഇഷ്ടപ്പെട്ട വരികൾ, ഇഷ്ടപ്പെടാനുള്ള കാരണം, എന്നിവ ചെറിയ കുറിപ്പായി എഴുതി തയ്യാറാക്കുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു. വിശകലനം ചെയ്യുന്നു. അധ്യാപകൻ ഇഷ്ടപ്പെട്ട വരികൾ പറയുന്നു. ഇഷ്ടപ്പെടാൻ ഉണ്ടായ കാരണം കൂടി അവതരിപ്പിക്കുന്നു. (എഴുതിത്തയ്യാറാക്കി അവതരിപ്പിക്കാം) ഇതിലൂടെ കുട്ടികൾക്ക് അവരുടെ രചനകൾ മെച്ചപ്പെടുത്താൻ അവസരം ലഭിക്കും.



**<u>പ്രവർത്തനം– 14</u>**

ഓടക്കുഴൽ നാദം ഐസിടിയുടെ സഹായത്തോടെ കുട്ടികളെ കേൾപ്പിക്കാം

**<u>പ്രവർത്തനം– 15</u>**

സ്ലൈഡ് **(സ്ലൈഡ്-11.png)** പ്രദർശിപ്പിക്കുന്നു.

പാഠഭാഗത്തെ വിവിധ സന്ദർഭങ്ങൾ കണ്ടെത്തുന്നു:-

- കണ്ണും ചുവന്നമ്മ.
- മിണ്ടാതെ നിൽക്കുന്ന മലർ ചെണ്ടുകൾ.
- കമ്പ് കരംവിട്ടു വീഴുന്നത്.
- കണ്ണുംപൂട്ടി നിന്ന് ഓടക്കുഴൽ നാദം കേൾക്കുന്ന അമ്മ.


കുട്ടികൾ ക്ലാസ്സുറിയിൽ അഭിനയിച്ച് അവതരിപ്പിക്കുന്നു.





**<u>പ്രവർത്തനം– 16</u>**

സ്ലൈഡ് **(സ്ലൈഡ്-13.png, 14.png)** പ്രദർശിപ്പിക്കുന്നു.


പാഠഭാഗത്തെ പദങ്ങൾക്കു പകരം പദങ്ങൾ കണ്ടെത്തുന്നു. കണ്ടെത്തിയ പകരം പദങ്ങൾ ഉപയോഗിച്ച് കവിതയുടെ താളം തെറ്റാതെ ചൊല്ലുന്നു. കണ്ടെത്തിയ പകരം പദങ്ങൾ ചാർട്ടിൽ ക്രോഡീകരിക്കുന്നു.




**<u>പ്രവർത്തനം– 17</u>**

സ്ലൈഡ് **(സ്ലൈഡ്-15.png)** പ്രദർശിപ്പിക്കുന്നു. പാഠഭാഗത്തിലെ മാറ്റിയെടുക്കാം ഒറ്റപ്പദം ആക്കാം എന്ന പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യുന്നു. ആവശ്യമായ സഹായങ്ങൾ അദ്ധ്യാപകൻ ചെയ്തുകൊടുക്കുന്നു.





**<u>പ്രവർത്തനം– 18</u>**

സ്ലൈഡ് **(സ്ലൈഡ്-16.png)** പ്രദർശിപ്പിക്കുന്നു. കളികൾക്കിടയിൽ ഉണ്ടാകുന്ന കുസൃതികളും പിണക്കങ്ങളും കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. അധ്യാപകൻ തന്റെ അനുഭവം പങ്കുവയ്ക്കാം. തയാറാക്കിയ ഈ വിവരണങ്ങൾ ***കുട്ടിക്കാലം കുസൃതിക്കാലം*** എന്നപേരിൽ പതിപ്പാക്കുന്നു.




**<u>പ്രവർത്തനം– 19</u>**

സ്ലൈഡ് **(സ്ലൈഡ്-17.png)** പ്രദർശിപ്പിക്കുന്നു. കുട്ടികളെ ഗ്രൂപ്പ് തിരിച്ചശേഷം കവിതയെ കഥാ രൂപത്തിലാക്കുന്നു,അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തലുകൾ നടത്തിയ ശേഷം വീണ്ടും എഴുതിക്കുന്നു.


കഥാരൂപത്തിൽ എഴുതാം

ഈ കവിതയിലെ സംഭവങ്ങൾ കഥയുടെ രൂപത്തിൽ അവതരിപ്പിക്കുക.

അവതരിപ്പിച്ച കഥ എഴുതുക.

*Teachers Version*

## ***കവിതയെ കഥയാക്കി മാറ്റുക***

### ***അമ്മയും മകനും/ മകനെ തേടി***

*തന്റെ കണ്ണിന്റെ കണ്ണായ കണ്ണനെ തേടി അമ്മ നടക്കുകയാണ്. തന്റെ ഓമന മകനെ കാണാതെ കണ്ണും കുഴലും കുഴച്ച അമ്മ പേടമാനോടും കാളിന്ദിയോളങ്ങളോടും കരിവണ്ടിനോടും ജീവികളോടും തുമ്പികളോടും മലർച്ചെണ്ടുകളോടും പൂക്കളോടുമെല്ലാം മകനെ അന്വേഷിച്ച് നടന്നു. ആരും അമ്മയ്ക്ക് പ്രതീക്ഷയേകുന്ന ഒരു ഉത്തരവും നൽകിയില്ല. അങ്ങനെ മാതൃവാത്സല്യത്താൽ വലഞ്ഞ ആ അമ്മ പെട്ടെന്ന് ഒരു ഓടക്കുഴൽ വിളികേട്ടത്. ആ പൊന്നോടക്കുഴൽവിളി കേൾക്കുന്ന മാത്രയിൽ അമ്മയുടെ കയ്യിൽ നിന്നും വടി താഴെ വീണു.കണ്ണനോടുള്ള കോപം മുഴുവൻ ആ അമ്മയുടെ മുഖത്തു നിന്നും മാഞ്ഞു. സ്നേഹ വാത്സല്യത്തോടെ ആ അമ്മ കണ്ണുംപൂട്ടി നിന്ന് ആ ഓടക്കുഴൽ നാദത്തിൽ ലയിക്കുന്നു.*

**പ്രവർത്തനം– 20**

പാഠഭാഗം നാടകരൂപത്തിൽ അവതരിപ്പിക്കുന്നു. എല്ലാ ഒരുക്കങ്ങളും പശ്ചാത്തലസംഗീതവും കുട്ടികൾ തന്നെ ഒരുക്കുന്നു.

*Teachers Version*

## കണ്ണന്റെ അമ്മ [നാടകീരിക്കൽ]

### മാതൃസ്നേഹം

### രംഗം :-1

(കണ്ണനെ കാണാതെ അമ്മ ദേഷ്യത്തോടെ കാട്ടിൽ അന്വേഷിച്ച് നടക്കുന്നു.)

അമ്മ: (ദേഷ്യത്തോടെ) കണ്ണാ...... കണ്ണാ....... നീ എവിടെയാണ്?

കരിവണ്ട്: അമ്മ ആരെയാ അന്വേഷിച്ച് നടക്കുന്നത്?

അമ്മ: കരിവണ്ടേ....നീ എന്റെ കണ്ണനെ എവിടെയെങ്കിലും കണ്ടോ?

കരിവണ്ട് : ഊ.......ഹും......ഊ.......ഹും......(ഇല്ലെന്ന് തലയാട്ടി മൂളുന്നു.)

അമ്മ: തുമ്പീ നീ കണ്ടോ എന്റെ കണ്ണനെ?

തുമ്പി: ഊ.......ഹും......ഊ.......ഹും......(ഇല്ലായെന്ന് തലയാട്ടി മൂളുന്നു.)

അമ്മ: കണ്ണൻ ഇങ്ങു വരട്ടെ ഞാൻ നല്ലത് കൊടുക്കുന്നുണ്ട്. അവനെ കണ്ടാൽ പറഞ്ഞേക്ക് ........

### രംഗം:- 2

[അമ്മ പേടമാനെ കണ്ടുമുട്ടുന്നു]

അമ്മ: പേടമാനേ നിന്റെ കൂടെ കളിക്കാൻ കണ്ണനുണ്ടായിരുന്നോ?

പേടമാൻ: ഏയ്...... എവിടെ..... ഞാനെന്നു കണ്ണനെ കണ്ടിട്ടേയില്ല. (കണ്ണും നീട്ടി തിരിഞ്ഞു നിൽക്കുന്നു)

അമ്മ: (കാളിന്ദി നദിക്കരയിൽ വിഷമിച്ച് നിൽക്കുന്നു) കാളിന്ദീ........ എന്റെ കണ്ണൻ ഇതുവഴി

| | | |
|---|---|---|
| | വന്നോ?<br>കാളിന്ദി: കണ്ണൻ ഇതുവഴി വന്നില്ലല്ലോ അമ്മേ.......<br>[ആ സമയത്ത് കാടിന്റെ നടുവിൽ നിന്നും ഓടക്കുഴൽവിളി കേൾക്കുകയും, അമ്മയുടെ കയ്യിൽ നിന്നും വടി താഴെ വീഴുകയും ചെയ്യുന്നു. അമ്മ ആനന്ദനിർവൃതിയിൽ അത് ആസ്വദിക്കുന്നു.] | |